റഹീം ചേന്ദമംഗല്ലൂർ
raheemkcmr@gmail.com

## എസ്.എസ്.സി അപേക്ഷ ക്ഷണിച്ചു

സ്റ്റാഫ് സെലക്ഷൻ കമീഷൻ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി യോഗ്യതകൾ അടിസ്ഥാനമാക്കിയുള്ള വിവിധ തസ്തികകളിലേക്ക് ഒക്ടോബർ 25 വരെ അപേക്ഷ സമർപ്പിക്കാം. ഒന്നിലധികം തസ്തികകളിലേക്ക് അപേക്ഷിക്കുന്നവർ ഓരോന്നിനും പ്രത്യേകമായി അപേക്ഷ നൽകണം. അപേക്ഷാ ഫീസ് 100 രൂപ. അപേക്ഷയോടൊപ്പം നിശ്ചിത സൈസിലുള്ള ഫോട്ടോയും, സ്കാൻ ചെയ്ത ഒപ്പും അപ്‌ലോഡ് ചെയ്യണം. വിശദവിവരങ്ങൾക്ക് www.ssc.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങളുണ്ട്

## ദൽഹി സർവകലാശാലയിൽ അധ്യാപകരാകാം

ദൽഹി യൂനിവേഴ്സിറ്റി 38 ഡിപ്പാർട്ട്മെന്റുകളിലായി 251-ൽപരം അധ്യാപക ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മാനേജ്മെന്റ് സ്റ്റഡീസ്, ലോ, കൊമേഴ്സ്, ഹിന്ദി, പൊളിറ്റിക്കൽ സയൻസ്, കെമിസ്ട്രി ഡിപ്പാർട്ട്മെന്റുകളിലാണ് കൂടുതൽ ഒഴിവുകളുള്ളത്. ആകെ ഒഴിവിൽ 69 എണ്ണം ഒ.ബി.സി വിഭാഗങ്ങൾക്ക് സംവരണം ചെയ്തതാണ്. ഒക്ടോബർ 20 വരെ അപേക്ഷ സമർപ്പിക്കാൻ അവസരമുണ്ട്. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക: www.du.ac.in

## പി.ജി ഡിപ്ലോമ ഇൻ അഗ്രി-ബിസിനസ് മാനേജ്മെന്റ്

ഹൈദരാബാദ് ആസ്ഥാനമായ നാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE) നൽകുന്ന രണ്ടു വർഷത്തെ പി.ജി ഡിപ്ലോമ ഇൻ അഗ്രി-ബിസിനസ് മാനേജ്മെന്റ് കോഴ്സിന് ഡിസംബർ 31 വരെ അപേക്ഷിക്കാൻ അവസരം. 50 ശതമാനം മാർക്കോടെ ഡിഗ്രിയും CAT-2021 സ്കോറും നേടിയവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക: www.manage.gov.in

## ജാമിഅ ഹംദർദിൽ പി.എച്ച്.ഡി

ഹംദർദ് യൂനിവേഴ്സിറ്റി വിവിധ പി.എച്ച്.ഡി പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഹംദർദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച്, സ്കൂൾ ഓഫ് ഹ്യൂമാനിറ്റീസ് & സോഷ്യൽ സയൻസസ്, സ്കൂൾ ഓഫ് ഫാർമസ്യൂട്ടിക്കൽ എജുക്കേഷൻ & റിസർച്ച്, സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡീസ് ഉൾപ്പെടെ ഒൻപതു പഠന വകുപ്പുകളിലായി 35-ൽ പരം മേഖലയിലാണ് പി.എച്ച്.ഡി നൽകുന്നത്. പ്രവേശന പരീക്ഷ, ഇന്റർവ്യു എന്നിവയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ. NET/JRF/SLET/GPET സ്കോർ ഉള്ളവർക്ക് പ്രവേശന പരീക്ഷയിൽ ഇളവുണ്ട്. www.jamiahamdard.edu, www.jamiahamdard.ac.in എന്നീ വെബ്സൈറ്റിലൂടെ ഒക്ടോബർ 15 വരെ അപേക്ഷ സമർപ്പിക്കാൻ അവസരമുണ്ട്.

## തളിർ സ്കോളർഷിപ്പ്

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന ഈ വർഷത്തെ തളിർ സ്കോളർഷിപ്പ് പദ്ധതിയിൽ ഒക്ടോബർ 31 വരെ രജിസ്റ്റർ ചെയ്യാൻ അവസരം. https://scholarship.ksicl.kerala.gov.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. അഞ്ചു മുതൽ പത്തു വരെ ക്ലാസ്സുകളിലെ വിദ്യാർഥികൾക്ക് ജൂനിയർ, സീനിയർ വിഭാഗങ്ങളിലായാണ് പരീക്ഷ നടക്കുക. രജിസ്ട്രേഷൻ ഫീസ് 200 രൂപ.

## തൊഴിലധിഷ്ഠിത കോഴ്സുകൾ

ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്‌വർക്കിംഗ്, ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ സർക്കാർ അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം. പൂരിപ്പിച്ച അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഒക്ടോബർ 18-നകം ലഭിക്കണം. വിവരങ്ങൾക്ക് www.captkerala.com സന്ദർശിക്കുക. കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയ്നിംഗിന്റെ ആഭിമുഖ്യത്തിലാണ് കോഴ്സുകൾ ആരംഭിക്കുന്നത്.

## ഫാറൂഖ് കോളേജിൽ സ്കിൽ ഡെവലപ്മെന്റ് ഡിപ്ലോമ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) ഫാറൂഖ് കോളേജിൽ നടത്തുന്ന സ്കിൽ ഡെവലപ്മെന്റ് ഡിപ്ലോമ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോമും പ്രോസ്പെക്ടസ്സും www.farookcollege.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തീയതി 2021 ഒക്ടോബർ 15. ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻ, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ അഡ്വർടൈസിംഗ് & ബ്രാന്റിംഗ് എന്നീ കോഴ്സുകളാണ് നൽകുന്നത്.

## കാർഷിക ഗവേഷണ കോഴ്സുകൾ

തമിഴ്നാട് കാർഷിക സർവകലാശാലാ ഗവേഷണ കോഴ്സുകൾക്ക് ഇപ്പോൾ അപേക്ഷ നൽകാം. അഗ്രികൾച്ചറൽ എക്കണോമിക്സ്, ബയോടെക്നോളജി, ഫ്രൂട്ട് സയൻസ്, ഫുഡ് പ്രോസസ് ടെക്നോളജി, ഫാം മെഷിനറി & പവർ എഞ്ചിനീയറിംഗ് തുടങ്ങി മുപ്പതോളം മേഖലകളിലാണ് ഗവേഷണാവസരങ്ങളുള്ളത്. വിവരങ്ങൾക്ക് https://admissionsatpgschool.tnau.ac.in/ എന്ന വെബ്സൈറ്റ് കാണുക. അവസാന തീയതി ഡിസംബർ 15. ●